പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1846 10.02.2020-ൽ മറുപടിയ്ക്ക്

**വാഹൻ സാരഥി സോഫ്റ്റ് വെയർ മൂലമുണ്ടായിട്ടുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്രീകൃത വെബ് അധിഷ്ഠിത സോഫ്റ്റ് വെയറായ 'വാഹൻ സാരഥി' യിലേയ്ക്ക് മോട്ടോർ വാഹനവകുപ്പ് മാറിയതോടെ വാഹനങ്ങളുടെ നികുതി അടയ്ക്കാൻ ലഭിച്ചിരുന്ന സാവകാശം (ഗ്രേസ് പീരീഡ്) പൂർണ്ണമായും ഇല്ലാതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാഹനങ്ങളുടെ നികുതി അടയ്ക്കുവാൻ കേരള മോട്ടോർ വാഹന ടാക്സേഷൻ ആക്ട് പ്രകാരം ഓരോ തരം വാഹനങ്ങൾക്കും പ്രത്യേകം പ്രത്യേകം ഗ്രേസ് പിരീഡ് നിശ്ചയിച്ചിട്ടുണ്ട്.<br>ഉദാ: നോൺ ട്രാൻസ്പോർട്ട് വെഹിക്കിളിനും കോൺട്രാക്ട് ക്യാരേജിനും 14 ദിവസവും ചരക്ക് വാഹനങ്ങൾക്ക് 1 മാസവും സ്റ്റേജ് ക്യാരേജ് ബസുകൾക്ക് 45 ദിവസവും ആണ്. ഗ്രേസ് പീരീഡ്. 'വാഹൻ' - ലേക്ക് മാറിയ ശേഷവും ഇതേ ഗ്രേസ് പിരീഡുകൾ നൽകുന്നുണ്ട്. ഗ്രേസ് പീരീഡിനുള്ളിൽ നികുതി അടയ്ക്കുന്നതിന് പിഴ ഈടാക്കുന്നില്ല. ഗ്രേസ് പീരീഡിനുള്ളിൽ നികുതി അടയ്ക്കാത്ത വാഹനങ്ങൾ റോഡിലുപയോഗിക്കുന്നതിന് തടസവുമില്ല. എന്നാൽ ഗ്രേസ് പീരീഡിനുള്ളിൽ പെർമിറ്റ് റിന്യൂവൽ, വാഹന കൈമാറ്റം, സി.എഫ്. ടെസ്റ്റ് എന്നിങ്ങനെയുള്ള ഒരു സേവനവും നികുതി അടയ്ക്കാതെ ലഭ്യമാകുന്നതല്ല. |
| (ബി) | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വെബ് സൈറ്റിൽ ക്ഷേമനിധി തുക അടച്ചാലും ആയത് മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റിൽ കൃത്യമായി ലഭിക്കാത്തതിനാൽ വാഹന ഉടമകൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വെബ് സൈറ്റ് 'വാഹൻ' സോഫ്റ്റ് വെയറുമായി Integrate ചെയ്തിട്ടുണ്ട്. ഇത് നടപ്പിൽ വരുത്തി തുടങ്ങിയ കാലയളവിൽ ഏതാണ്ട് ഒരു മാസത്തോളം ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ അവയെല്ലാം ഏതാണ്ട് പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | മേൽ വിഷയങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഗ്രേസ് പീരീഡിനുള്ളിൽ നികുതി അടയ്ക്കാതെ വാഹനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിന് കേന്ദ്രീകൃത വെബ് അധിഷ്ഠിത സോഫ്റ്റ് വെയറായ വാഹനിൽ ഉത്തരവുകളൊന്നും നിലനിൽക്കുന്നതായി കാണുന്നില്ല. ഈ വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ ഗതാഗത കമ്മീഷണർ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ